# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 19.12.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ഡോ ബി. ആർ അംബേദ്കറെക്കുറിച്ചുള്ള

   പരാമർശവുമായി ബന്ധപ്പെട്ട് പാർലമെൻറിൽ ഇന്നും ബഹളം. ഇരുസഭകളും ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു.

   There is an uproar in Parliament today regarding the mentioning of the name of Dr. B.R. Ambedkar. Both the houses adjourned till 2 pm.

2. പാദരക്ഷ, തുകൽ വ്യവസായം ¬രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവന നൽകുന്നതിനൊപ്പം കരകൗശല വൈദഗ്ധ്യത്തെ

   അടയാളപ്പെടുത്തുന്നതായും കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   Union Minister Piyush Goyal said that the footwear and leather industry contributes greatly to the country's economy and also marks the craftsmanship.

3. പയറ് വർഗ്ഗങ്ങൾ ,ഗോതമ്പ് എന്നിവയുൾപ്പെടെ ഏഴ് കാർഷിക ഉൽപന്നങ്ങളുടെ ഊഹ

   കച്ചവടം താൽക്കാലികമായി നിർത്തിവച്ചത് ജനുവരി മാസം വരെ നീട്ടി സെബി.

   SEBI has extended the moratorium on derivative trading in seven agricultural commodities including pulses and wheat till the month of January.

4. നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ദ്യൂബ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും.

Nepal's Foreign Minister Arsu Rana Duba will arrive in India today for a three-day visit.

5. കേരള നിയമസഭയുടെ മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവം അടുത്തമാസം ഏഴിന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമെന്ന് സ്പീക്കർ എ എൻ ഷംസീർ.

Speaker A. N Shamsir said that the Chief Minister will inaugurate the third International Book Festival of the Kerala Legislative Assembly on the 7th of next month.

6. സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡീഷയ്ക്കെതിരെ കേരളത്തിന് ജയം. ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം രാത്രി 7 ന്.

In Santhosh Trophy Kerala wins against Odisha. The third and final match of the India-West Indies Women's T20 series at 7 pm today.

************************

**PAR-ADJOURN (INTRO)**

ഡോ ബി. ആർ അംബേദ്കറെക്കുറിച്ചുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച പ്രതിപക്ഷ കക്ഷികളുടെ ബഹളത്തെ തുടർന്ന് പാർലമെൻ്റിൻ്റെ ഇരുസഭകളും ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു. വിശദാംശങ്ങളിലേക്ക്.
(വോയ്സ്)

*ലോക്സഭ രാവിലെ സമ്മേളിച്ചപ്പോൾത്തന്നെ കോൺഗ്രസ്, ഡിഎംകെ, സമാജ്‌വാദി പാർട്ടി ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ*

*പരാമർശത്തിനെതിരെ മുദ്രാവാക്യം മുഴക്കി . തുടർന്ന് .ചില അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധം ആരംഭിച്ചതോടെ സ്പീക്കർ ഓം ബിർല സഭ 2 മണി വരെ നിർത്തിവക്കുകയായിരുന്നു . രാജ്യസഭയിലും സമാനമായ രംഗങ്ങൾ ആണ് അരങ്ങേറിയത് . ശ്രീ അമിത് ഷായുടെ പരാമർശം ചൂണ്ടിക്കാട്ടി പ്രതിപക്ഷ എംപിമാർ അടിയന്തര പ്രമേയ നോട്ടീസ് നൽകിയെങ്കിലും രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻഖർ അനുമതി നൽകിയില്ല . തുടർന്ന് പ്രതിപക്ഷ അംഗങ്ങൾ ആഭ്യന്തര മന്ത്രിക്കെതിരെ പ്രതിഷേധമുയർത്തിയതോടെ സഭ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവെക്കുകയായിരുന്നു .*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

************************

## PAR-INJURED

പാർലമെൻറിൽ പ്രതിഷേധങ്ങൾക്കിടെ ബിജെപി എം പി പ്രതാപ് സാരംഗിയ്ക്ക് പരിക്കേറ്റു. സംഭവത്തെ പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു അപലപിച്ചു.

************************

## SEBI

വില നിയന്ത്രിക്കുന്നതിനായി പയറ് വർഗ്ഗങ്ങൾ ,ഗോതമ്പ് എന്നിവയുൾപ്പെടെ ഏഴ് കാർഷിക ഉൽപന്നങ്ങളുടെ ഊഹ കച്ചവടം താൽക്കാലികമായി നിർത്തിവച്ചത് വരുന്ന ജനുവരി മാസം വരെ നീട്ടി സെബി . ബസ്മതി ഇതര നെല്ലിനങ്ങൾ , അസംസ്കൃത പാമോയിൽ, കടുക്, സോയാബീൻ തുടങ്ങിയ ഇനങ്ങളുടെ ഊഹക്കച്ചവടവും താൽക്കാലികമായി നിർത്തിവച്ചിരിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളിൽ പെടുന്നു.

************************

## PIYUSH GOYAL

പാദരക്ഷ, തുകൽ വ്യവസായം രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവന നൽകുന്നുണ്ടെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ. ഒപ്പം കരകൗശല

വൈദഗ്ധ്യത്തിൻറെയും നൂതനത്വത്തിൻറെയും അടയാളവുമാണിതെന്ന് മന്ത്രി പറഞ്ഞു. തുകൽ കയറ്റുമതി കൗൺസിൽ സംഘടിപ്പിച്ച ദേശീയ കയറ്റുമതി മികവ് പുരസ്കാര വിതരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കയറ്റുമതിക്കാരുടെ സംഭാവനകളെ പ്രകീർത്തിച്ച ശ്രീ പിയൂഷ് ഗോയൽ മികച്ച ഫലം ലഭിക്കാൻ ഈ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്നവർ കൂട്ടായി പ്രവർത്തിക്കണമെന്നും പറഞ്ഞു.

***********************

## NEPAL FOREIGN MINISTER

നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ദ്യൂബ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഇഗ്റോ ഫൗണ്ടേഷനും കാത്മണ്ഡു സർവ്വകലാശാലയും സംയുക്തമായി സംഘടിപ്പിക്കുന്ന ഇന്തോ-നേപ്പാൾ സമ്മേളനത്തെ അവർ അഭിസംബോധന ചെയ്യും. നാളെ നടക്കുന്ന സമ്മേളനത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച. മേഖലാതല സഹകരണം, മേഖലയിലെ രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ. നേരത്തേ നടത്തിയ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് മന്ത്രിയുടെ വൈദ്യ പരിശോധനയും ലക്ഷ്യമാണ്.

***********************

## SABARIMALA (INTRO)

ശബരിമല സന്നിധാനത്ത് ഭക്തജന പ്രവാഹം തുടച്ചയായ മൂന്നാം ദിവസവും തുടരുകയാണ് . മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്ര ഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി രഥഘോഷ യാത്ര 22ന് രാവിലെ ആറന്മുള പാർഥ സാരഥി ക്ഷേത്രത്തിൽനിന്ന് പുറപ്പെടും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനം തിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്സ് ശ്രീധർ.

(വോയ്സ്)

***********************

## BOOK FEST-SPEAKER

കേരള നിയമസഭയുടെ മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവം അടുത്തമാസം ഏഴിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് സ്പീക്കർ എ എൻ ഷംസീർ. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കർണാടക സ്പീക്കർ യു.ടി ഖാദർ, പ്രശസ്ത സാഹിത്യകാരൻ ദേവദത് പട് നായിക് എന്നിവർ മുഖ്യാതിഥികളായിരിക്കും. കല, സാഹിത്യം, സാംസ്കാരികം തുടങ്ങിയ മേഖലകളിലെ സമഗ്ര സംഭാവനയ്ക്ക് നൽകുന്ന നിയമസഭാ അവാർഡിന് ഇത്തവണ തെരഞ്ഞെടുക്കപ്പെട്ട മയ്യഴിയുടെ പ്രിയ കഥാകാരൻ എം മുകുന്ദന് പുരസ്കാരം സമ്മാനിക്കുമെന്നും സ്പീക്കർ പറഞ്ഞു.

************************

## IFFK

ചലച്ചിത്ര പ്രേമികൾക്ക് വർണവിസ്മയങ്ങൾ സമ്മാനിച്ച 29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരശ്ശീല വീഴും. ഏഴാം ദിവസമായ ഇന്ന് ഭ്രമയുഗം, ഫയർ, അവെർനോ എന്നിവയുൾപ്പെടെ 68 ചിത്രങ്ങളുടെ പ്രദർശനം നടക്കുന്നുണ്ട്. മേളയിൽ ഒട്ടുമിക്ക ചിത്രങ്ങളുടേയും ആദ്യ പ്രദർശനം പൂർത്തിയായി. ഈ മാസം 13 ന് ആരംഭിച്ച മേളയിൽ 68 രാജ്യങ്ങളിൽ നിന്നായി 177 ചലച്ചിത്രങ്ങളാണ് പ്രേക്ഷകർക്ക് മുന്നിൽ എത്തിയത്. 15 തീയറ്ററുകളിൽ നിറഞ്ഞ സദസ്സിലാണ് പ്രദർശനം നടക്കുന്നത്.

************************

## INDIA-WEST INDIES T20I

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് വനിതാ ടി-20 പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന് നവി മുംബൈയിലെ ഡി വൈ പാട്ടീൽ സ്പോർട്സ് അക്കാദമിയിൽ നടക്കും. ഇന്ത്യൻ സമയം വൈകുന്നേരം

7 മണിയ്ക്കാണ് മത്സരം. ഓരോ കളികൾ ജയിച്ച്
ഇരു ടീമുകളും 1-1 എന്ന നിലയിലാണ്.

************************

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡീഷക്കെതിരെ കേരളത്തിന് ജയം. ഏകപക്ഷീയമായ രണ്ടു ഗോളുകൾക്കാണ് കേരളം വിജയിച്ചത്. രാവിലെ 9 മണിക്ക് ഹൈദരാബാദിലായിരുന്നു മത്സരം. ഗ്രൂപ്പ് ബി യിലെ നാലാം മത്സരമാണ് ഇത്.

************************

## REV. J&K - ENCOUNTER

ജമ്മു കശ്മീരിലെ കുൽഗാം ജില്ലയിൽ ഇന്ന് പുലർച്ചെ നടന്ന ഏറ്റുമുട്ടലിൽ അഞ്ച് ഭീകരർ കൊല്ലപ്പെട്ടു.
കുൽഗാം ജില്ലയിലെ ബെഹിബാഗ് പ്രദേശത്ത് ഇന്ന് സംയുക്ത സേനയും ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിലാണ് ഭീകരർ കൊല്ലപ്പെട്ടത്. രണ്ട് സൈനികർക്ക് പരിക്കേറ്റു. ഒളിചിരിക്കുകയായിരുന്ന ഭീകരരെ സംയുക്ത സേന വളഞ്ഞപ്പോൾ, സൈനികർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. പരിക്കേറ്റ സൈനികരെ ആശുപത്രിയിലേക്ക് മാറ്റി. പ്രദേശത്ത് ഇപ്പോഴും തിരച്ചിൽ തുടരുകയാണ്.

************************

## Dubai Shopping Festival Marks

ഡിസംബർ 6 ന് ആരംഭിച്ച ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവലിൻറെ ഭാഗമായി നടക്കുന്ന ഡ്രോൺ പ്രകടനങ്ങൾ ശ്രദ്ധേയമാകുന്നു.
ഫെസ്റ്റിവലിന്റെ 30 -ാം വാർഷികാഘോഷത്തെ അടയാളപ്പെടുത്താൻ കൂടിയാണ് ഡ്രോൺ അഭ്യാസങ്ങൾ നടക്കുന്നത്. ബ്ലൂവാട്ടേഴ്സ് ദ്വീപിനും ജുമൈറ ബീച്ചിനും മുകളിൽ രാത്രിയിൽ ആകാശത്തു 1,000-ലധികം ഡ്രോണുളാണ് വിവിധങ്ങളായ മനോഹര രൂപങ്ങൾ

സൃഷ്ടിക്കുന്നത്. ജനുവരി 12 നാണ് ഫെസ്റ്റിവൽ സമാപിക്കുന്നത്.

************************

## FISHERMEN RETURNED-BAHARIN

തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ നിന്നുള്ള 28 ഇന്ത്യൻ മത്സ്യത്തൊഴിലാളികൾ ബഹ്റൈനിലെ തടങ്കലിൽ നിന്ന് മോചിതരായി നാട്ടിലെത്തി. നയതന്ത്ര ഇടപെടലുകളെ തുടർന്നാണ് മത്സ്യത്തൊഴിലാളികളുടെ മോചനം പ്രതീക്ഷിച്ചതിലും നേരത്തെ സാധ്യമായത് . ബഹ്റൈൻ സമുദ്രാതിർത്തിയിൽ അനധികൃതമായി പ്രവേശിച്ചുവെന്നാരോപിച്ച് ഈക്കഴിഞ്ഞ സെപ്റ്റംബറിലാണ് മത്സ്യത്തൊഴിലാളികൾ അറസ്റ്റിലായത് . അപ്പീൽ ഉൾപ്പെടെയുള്ള നിയമ നടപടികൾ വേഗത്തിൽ പൂർത്തിയാക്കിയതിനാൽ ആറ് മാസത്തെ തടവ് മൂന്ന് മാസമായി കുറക്കുകയായിരുന്നു .മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ ഉടനടി ഏർപ്പെടുത്തുന്നതിൽ ബഹ്റൈനിലെ ഇന്ത്യൻ എംബസി നിർണായക പങ്ക് വഹിച്ചു.

************************

## PM KUWAIT

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 21, 22 തീയതികളിൽ കുവൈറ്റ് സന്ദർശിക്കും. കുവൈറ്റ് അമീറിൻറെ ക്ഷണ പ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. 43 വർഷത്തിനിടെ, ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്.

************************

## SPECIAL TRAINS-KUMBAMELA

ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ ജനുവരി 13 ന് ആരംഭിക്കുന്ന മഹാ കുംഭമേള പരിഗണിച്ച് 34 പ്രത്യേക ട്രെയിനുകൾ ഓടിക്കുമെന്ന് സെൻട്രൽ റെയിൽവേ അറിയിച്ചു. മുംബൈ, പൂനെ, നാഗ്പൂർ തുടങ്ങി വിവിധ

നഗരങ്ങളിൽ നിന്നാകും ട്രെയിനുകൾ സർവ്വീസ് നടത്തുക. ബുക്കിംഗ് നാളെ ആരംഭിക്കും.

*************************

## MP-TANSEN AWARD

മധ്യപ്രദേശിലെ ഗ്വാളിയറിൽ താൻസൻ ഫെസ്റ്റിവലിൽ 2023 ലെ ദേശീയ താൻസൻ സമ്മാൻ പ്രശസ്ത തബല വാദകൻ പണ്ഡിറ്റ് സ്വപാൻ ചൗധരിക്ക് സമ്മാനിച്ചു. അഞ്ചുലക്ഷം രൂപയും പ്രശസ്തി പത്രവും ഷാളുമാണ് സമ്മാനമായി നൽകിയത്. 2023 ലെ രാജ മാൻ സിംഗ് തോമർ പുരസ്കാരത്തിന് ഇൻഡോറിലെ സനന്ദ് ന്യാസ് എന്ന സ്ഥാപനം അർഹമായി. 35 വർഷമായി സംഗീത-നാടക കലാരംഗത്ത് പ്രവർത്തിക്കുകയാണ് സ്ഥാപനം.

*************************

## PAK SANCTIONS

പാക്കിസ്ഥാൻ്റെ ബാലിസ്റ്റിക് മിസൈൽ പദ്ധതിയിൽ ഭാഗഭാക്കായ സർക്കാർ ഉടമസ്ഥയിലുള്ള നാഷണൽ ഡെലവപ്മെൻറ് കോംപ്ളക്സിനെ ഉൾപ്പെടെ നാല് സ്ഥാപനങ്ങൾക്ക് ഉപരോധം ഏർപ്പെടുത്തി യുഎസ്. വലിയ നശീകരണ ശേഷിയുള്ള ആയുധങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകുന്നതിനാലാണ് ഉപരോധം ഏർപ്പെടുത്തിയതെന്ന് യു എസ് അറിയിച്ചു.

*************************

## RUSSIA - SUSPECT

രാസായുധ വിഭാഗം ചുമതല വഹിച്ചിരുന്ന ലഫ്റ്റനൻ്റ് ജനറൽ ഇഗോർ കിറിലോവിനെ കൊലപ്പെടുത്തിയ ബോംബ് സ്ഥാപിച്ചതായി സംശയിക്കുന്ന ഉസ്ബെക്ക് പൗരനെ റഷ്യ കസ്റ്റഡിയിലെടുത്തതായി അന്വേഷണ സമിതി റിപ്പോർട്ട് ചെയ്തു. ഉക്രേനിയൻ സ്പെഷ്യൽ സർവീസ് വഴിയാണ് തന്നെ റിക്രൂട്ട് ചെയ്തതെന്ന് പേര് വെളിപ്പെടുത്താത്ത 29 കാരനായ പ്രതി സമ്മതിച്ചതായി ഏജൻസി അവകാശപ്പെട്ടു. ജനറൽ കിറിലോവിനെ കൊല്ലാനുള്ള കരാർ പ്രകാരം ഇയാൾക്ക് ഒരു ലക്ഷം യുഎസ് ഡോളറും

യൂറോപ്യൻ യൂണിയനിൽ താമസവും വാഗ്ദാനം ചെയ്തിരുന്നു. മോസ്കോയിലെ ബാലശിഖ ജില്ലയിലെ ചെർനോയി ഗ്രാമത്തിൽ വച്ചാണ് പ്രതിയെ പിടികൂടിയത്.

***********************

*******************

*****